പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1137 20.03.2012 ൽ മറുപടിയ്ക്ക്

ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം, കെട്ടിടം പണി തുടങ്ങിയവ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ശശി.എം.എൽ.എ. | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
| (എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ പണി പൂർത്തീകരിച്ച ഇടയ്ക്കോട്, ഇളമ്പ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനോദ്ഘാടനത്തിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) യും (ബി) യും | ഇടയ്ക്കോട്,ഇളമ്പ എന്നീ വില്ലേജ് ഓഫീസുകളുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വില്ലേജ് ഓഫീസിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്കും ഇളമ്പ മുദാക്കൽ ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്കും ഉദ്ഘാടനം ചെയ്യാവുന്നതാണ്. |
| (ബി) ഈ തടസ്സങ്ങൾ നീക്കി എന്നത്തേക്ക് ഉദ്ഘാടനം ചെയ്യുമെന്ന് പറയാമോ; | | |
| (സി) കടയ്ക്കാവൂർ, കഠിനംകുളം വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസലിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; | (സി) | കടയ്ക്കാവൂർ കഠിനംകുളം വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ വേണ്ട നിർദ്ദേശം പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എൻജിനീയർക്ക് നൽകിയിട്ടുണ്ട്. |

(ഡി) അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് പുതിയ വില്ലേജ് രൂപീകരിക്കാൻ തീരുമാനം എടുക്കുമോ എന്ന് വ്യക്തമാക്കാമോ?

(ഡി) താലൂക്ക് വില്ലേജ് പുന:സംഘടന സംബന്ധിച്ച് 2007-ൽ സർക്കാർ റവന്യൂ വകുപ്പും ലാൻറ് റവന്യൂ കമ്മീഷണറേറ്റും സംയുക്തമായി തയ്യാറാക്കിയ പഠനറിപ്പോർട്ടിൽ ചിറയിൻകീഴ് താലൂക്കിലെ കടയ്ക്കാവൂർ, വക്കം വില്ലേജുകൾ വിഭജിച്ച് അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പ്രദേശം ഉൾപ്പെടുത്തി അഞ്ചുതെങ്ങ് വില്ലേജ് രൂപീകരിക്കുന്നത് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ